സേ പരീക്ഷ പാസ്സായവർക്ക് +1 പ്രവേശനം

63 [3046] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, *സാജുപോൾ:*
,, *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവേശനം ഈ വർഷത്തെ എസ്. എസ്. എൽ. സി. സേ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് മുൻപുതന്നെ പൂർത്തിയായതുമൂലം സേ പരീക്ഷ പാസ്സായ കുട്ടികൾക്ക് ഹയർ സെക്കണ്ടറി കോഴ്സിന് പ്രവേശനം ലഭിക്കാതിരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എത്ര വിദ്യാർത്ഥികളാണ് സേ പരീക്ഷ എഴുതിയത്; എത്ര പേർ ഉന്നതപഠനത്തിന് യോഗ്യത നേടി; എത്ര പേർക്ക് ഹയർ സെക്കണ്ടറിയിൽ അഡ്മിഷൻ ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) എസ്. എസ്. എൽ. സി. സേ പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്കുകൂടി ഹയർ സെക്കണ്ടറി കോഴ്സിന് അപേക്ഷിക്കുന്നതിനായി അപേക്ഷ ഫോറം നൽകുവാനുള്ള തീയതി 22-7-2005 വരെ ദീർഘിപ്പിച്ചിരുന്നു. ഇങ്ങനെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 28-7-2005-ന് ഇന്റർവ്യൂ നടത്തി പ്രവേശനം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഒറ്റപ്പാലം എൽ.എസ്സ്.എൻ. ഹയർ സെക്കണ്ടറി സ്കൂളിലെ പാർട്ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുവാൻ നടപടി

64 [3047] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് പഠിപ്പിക്കുന്ന പാർട്ട് ടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ;

(ബി) ഒറ്റപ്പാലം എൽ.എസ്സ്.എൻ. ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടു അദ്ധ്യാപകരായി ജോലി നോക്കുന്ന പാർട്ട് ടൈം അദ്ധ്യാപകർ എത്ര; ഇവരെ ഫുൾടൈം ആക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly